**പതിമൂന്നാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ 26. | 26.09.2011-ൽ<br>മറുപടിയ്ക്ക് |

**<u>ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ.<br>ശ്രീ.ആർ രാജേഷ്. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനം സജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്തെ പല ജില്ലകളിലും കൊലപാതക കേസുകളിലും, കവർച്ചാകേസുകളിലും, അക്രമ കേസുകളിലും മറ്റും പ്രതികളായവരും, അല്ലാത്തവരും ക്വട്ടേഷൻ സംഘങ്ങളായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ക്വട്ടേഷൻ സംഘങ്ങൾ ആശങ്കാജനകമാംവിധം കൂടിവരുന്നതിനെ വിമർശിച്ചുകൊണ്ട് കേരള ഹൈക്കോടതിയിലെ ജസ്റ്റിസ് കെ.ടി.ശങ്കരൻ വിധി പ്രസ്താവിച്ചതായി ശ്രദ്ധയിൽപ്പെടുകയുണ്ടായോ; വിമർശനം എന്തായിരുന്നു ; | (ബി) കേരളത്തിൽ ഗുണ്ടകളും ക്രിമിനലുകളും ഉൾപ്പെടുന്ന ക്വട്ടേഷൻ സംഘങ്ങൾ പ്രവർത്തിക്കുന്നതായും, ഇതിലേയ്ക്ക് ജോലിയില്ലാത്ത ചെറുപ്പക്കാർ പണമുണ്ടാക്കുന്നതിനുവേണ്ടി ആകർഷിക്കപ്പെടുന്നുവെന്നും, ഇത്തരം സംഘങ്ങൾ സാധാരണക്കാരന്റെ മനസ്സിൽ ഭീതിയും അരക്ഷിതാവസ്ഥയും സൃഷ്ടിക്കു |

......2

ന്നുവെന്നും മറ്റുമാണ് ജസ്റ്റിസ് കെ.ടി.ശങ്കരൻ പ്രസ്താവിച്ച വിധിയിലെ പ്രധാന വിമർശനം.

| | | | |
|---|---|---|---|
| (സി) | ക്വട്ടേഷൻ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ? | (സി) | ക്വട്ടേഷൻ സംഘങ്ങളെ നിയന്ത്രിക്കുന്നതിനായി KAA(P) Act 2007 പ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്. മുൻ കുറ്റവാളികളേയും, കുറ്റവാസനയുള്ളവരേയും ഇപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കാറുണ്ട്. ഗുണ്ട, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഇടപെട്ട് വരുന്ന ആളുകളുടെ പേരുവിവരങ്ങൾ എല്ലാ പോലീസ് സ്റ്റേഷനിലും ശേഖരിച്ച് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുമാണ്. പോലീസ് സബ് ഇൻസ്പെക്ടർ, ഇതിൽ ഉൾപ്പെട്ടവരുടെ വീടുകൾ സന്ദർശിച്ചും ടി ആളുകളെ നേരിൽ കണ്ടും ടിയാന്മാരെ താക്കീത് ചെയ്ത് നിരീക്ഷ ണത്തിൽ വയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അവരുടെ വിവരങ്ങൾ കൺട്രോൾ റൂമുകളിലും കൺട്രോൾ റൂം വാഹനങ്ങളിലും നൽകി അവരെ അപ്രതീക്ഷിത ചെക്കിംഗിന് വിധേയരാക്കി വരുന്നു. യുവജനങ്ങളിലെ കുറ്റവാസന ഒഴിവാക്കുക, അവരെ തികച്ചും പൗരബോധമുള്ളവരാക്കി തീർക്കുക, ഭീകരതയ്ക്കും, മദ്യത്തിനും, മയക്കുമരുന്നിനുമെതിരായ സെമിനാറുകൾ സംഘടിപ്പിക്കുക |

.........3

എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടി ജനമൈത്രി, യുവകേന്ദ്രം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. യുവജന സംഘടനകൾ, മാതൃകാ പരമായി പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾ, കലാ സാംസ്കാരിക സംഘടനകൾ എന്നിവയെ എകോപിപ്പിച്ചുകൊണ്ടോ അല്ലാതെയോ ആണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.